روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

## വിവാദങ്ങളിൽ മുസ്‌ലിം പേര് തിരയുന്നവരെ കരുതിയിരിക്കുക

03/11/2023

sufaraulislam.com

بسم الله الرحمن الرحيم

- ഓരോ പുലരിയിലും മുസ്ലിം സമൂഹം തങ്ങളുടെ രാജ്യസ്നേഹവും വർഗീയ വിരുദ്ധതയും നിരപരാധിത്വവും തെളിയിക്കേണ്ട അവസ്ഥയിലേക്ക് പൊതു ബോധത്തെ മാറ്റിയതാര്
- കഴിഞ്ഞ ദിവസം കേരളത്തിൽ നടന്ന സ്ഫോടനം നിരവധി കാര്യങ്ങളാണ് ബോധ്യപ്പെടുത്തുന്നത്.

1. കേരളം എത്രമാത്രം വർഗീയമായി ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്.
2. ഏതൊരു പ്രശ്നത്തിന് പിന്നിലും ഒരു മുസ്ലിം പേര് കണ്ടെത്താനുള്ള വർഗീയ ശക്തികളുടെയും വർഗീയത പരത്തുന്ന മാധ്യമങ്ങളുടെയും വെമ്പൽ. മതേതര മനസ്സുള്ളവർ ഇതിനെ ഗൗരവത്തോടെ കണ്ടില്ലെങ്കിൽ വൻ അപകടമാണ്.
3. മുസ്ലിം അല്ലാത്ത ഒരാൾ സ്വയം കുറ്റം ഏറ്റെടുക്കുമ്പോൾ മിനുറ്റുകൾ കൊണ്ട് തീവ്രവാദവും ഭീകരവാദവും മാനസിക അസ്വസ്ഥതയിലേക്ക് ചുരുങ്ങുന്ന കാഴ്ച
4. ഒരു നിലക്കും മുസ്ലിങ്ങളെ പ്രതിചേർക്കാൻ പറ്റാതെ വരുമ്പോൾ പ്രതിക്ക് മുസ്ലിങ്ങളുമായുള്ള ബന്ധം അന്വേഷിക്കണം എന്ന് പച്ചയായി വർഗീയത പറയുന്നവർ .

- ഇസ്ലാമോഫോബിയ വിചാരിച്ചതിലും അപ്പുറത്ത് കേരളത്തെ പിടികൂടിയെന്ന് ഗൗരവത്തോടെ അമുസ്ലിം സഹോദരങ്ങൾ തന്നെ പറയുന്നു.
- കളമശ്ശേരിയിൽ നടന്ന സംഭവം ഈ നാടിന്റെ സമാധാനവും സൈ്വര്യ ജീവിതവും ആഗ്രഹിക്കുന്നവർക്കുള്ള വലിയൊരു തിരിച്ചറിവാണ്.
- ഗുജറാത്തിൽ നിന്നും മണിപ്പൂരിൽ നിന്നും കത്തിച്ചാമ്പലാക്കപ്പെട്ട ഡെൽഹിയുടെ തെരുവുകളിൽ നിന്നും നാം കണ്ട കാഴ്ചകൾ ഒറ്റദിവസംകൊണ്ട് ഉണ്ടായതല്ല എന്ന് മറക്കരുത്.
- പത്തു വർഷം മുമ്പത്തെ കേരളത്തിന്റെ പൊതുബോധത്തെ ഇത്രമേൽ മാറ്റാൻ സാധിച്ചിട്ടുണ്ടെങ്കിൽ ഇനിയും നമ്മൾ ഇതിന് ഗൗരവത്തോടെ കണ്ടില്ലെങ്കിൽ കേരളവും വർഗീയ ദുരന്തങ്ങളുടെ ഉദാഹരണമായി മാറും.

- എന്നാൽ ഇത്തരം ഒരു സംഭവം ഉണ്ടായപ്പോൾ കേരളം ഭരിക്കുന്നവരും പ്രതി പക്ഷത്തിരിക്കുന്നവരും ഒരുമിച്ച് വർഗീയത വളർത്താൻ ശ്രമിക്കുന്നവർക്കെതിരെ പ്രമേയം പാസാക്കിയതും ഒരുമിച്ച നിൽക്കുന്നതും അഭിനന്ദനമ ർഹിക്കുന്ന കാര്യമാണ്.

## 1. ചരിത്രം പഠിക്കണം

- നമ്മുടെ നാടിന്റെ മത സാമൂഹിക രാഷ്ട്രീയ ചരിത്രം എന്തെന്ന് പുതുതലമുറയെ പഠിപ്പിക്കണം.
- രാജ്യത്തിന്റെ ഓരോ ചരിത്ര അടയാളങ്ങളും നിർലജ്ജം അടർത്തി മാറ്റുന്ന ഫാഷിസത്തിന് കൃത്യമായ അജണ്ടകളുണ്ട്.

قال الشاعر :اقرؤوا التاريخَ إذ فيه العِبَر ....ضلّ قومٌ ليس يَدْرُون الخَبَر

നീ ചരിത്രം വായിക്കുക അതിൽ ഗുണപാഠങ്ങളുണ്ട്. ചരിത്രമറിയാത്തവരാണ് വഴിതെറ്റിപ്പോയത്

- പാഠപുസ്തകങ്ങളിൽ നിന്ന് ഇന്ത്യ എന്ന പേര് വരെ നീക്കം ചെയ്യുന്ന ഫാസിസം ഈ രാജ്യത്തിന്റെ ആത്മാവിനെയാണ് പറിച്ചെടുക്കുന്നത്.

## 2. ഫാഷിസത്തിന്റെ അജണ്ടകളെ തിരിച്ചറിയണം

ഭരണപരാജയവും സാമ്പത്തിക പതനവും അഴിമതികളിൽ നിന്നും ജനശ്രദ്ധ തിരിച്ച് വിടാൻ ഏതുകാലത്തും ഫാസിസം കണ്ട എളുപ്പ വഴി വർഗീയ വിഷം വിതക്കൽ ആയിരുന്നു.

## 3. ഫാഷിസത്തിന് വളമിടുന്ന മാധ്യമങ്ങളെയും മാധ്യമ പ്രവർത്തകരെയും തുറന്ന് കാണിക്കണം.

## 4. ഇസ്ലാമിൻറെ സുന്ദരമായ ആദർശത്തെ ജീവിതം കൊണ്ട് സമൂഹത്തിൽ അടയാളപ്പെടുത്തണം.

- ഇത്തരം സന്ദർഭങ്ങളിൽ വികാരത്തിന് അടിമപ്പെടാതെ വിവേക പൂർവ്വം കാര്യങ്ങൾ സമീപിക്കണം
- പ്രതികരണങ്ങൾ പക്വമാവണം
- തെരുവിലും സോഷ്യൽ മീഡിയയിലും പ്രതികരിക്കുമ്പോൾ വർഗീയശക്തികൾക്ക് അവരുടെ ഭാഷയിൽ അല്ല നമ്മൾ മറുപടി നൽകേണ്ടത്.

وَلَا تَسْتَوِي الْحَسَنَةُ وَلَا السَّيِّئَةُ ادْفَعْ بِالَّتِي هِيَ أَحْسَنُ فَإِذَا الَّذِي بَيْنَكَ وَبَيْنَهُ عَدَاوَةٌ كَأَنَّهُ وَلِيٌّ حَمِيمٌ ﴿٣٤﴾ [فصلت ٣٤]

ഇസ്ലാമിനെ തെറ്റിദ്ധരിപ്പിക്കുന്നവർക്ക് കൃത്യമായ അജണ്ടകളുണ്ടെങ്കിൽ തെറ്റിദ്ധ പ്പിക്കപ്പെട്ടവരെ ഇസ്ലാമിന്റെ സുന്ദരമുഖം പരിചയപ്പെടുത്താൻ വിശ്വാസികൾക്കും അജണ്ടകൾ ഉണ്ടാകണം .

അവസാന കാലം കൂടുതൽ ഫിത്നകളും പരീക്ഷണങ്ങളും അധികരിക്കും എന്നത് തിരിച്ചറിയുക ക്ഷമയോടുകൂടിയുള്ള ഇസ്ലാമിക പ്രബോധനമാണ് നമ്മുടെ ദൗത്യം.

### ❖ ഒരു വിശ്വാസി ഇത്തരം കാര്യങ്ങളെ സമീപിക്കുമ്പോൾ

### 1. വിശ്വാസി വിവേകമുള്ളവനായിരിക്കണം.

അശജ്ജ് ബ്നു അബ്ദിൽ ഖൈസിനോട് നബി (സ്വ) പറഞ്ഞത്.

وعن ابن عباس ، قَالَ: قَالَ رسول الله ﷺ لأَشَجِّ عَبْدِ القَيْسِ: إنَّ فيكَ خَصْلَتَيْنِ يُحِبُّهُمَا اللهُ: الحِلْمُ وَالأنَاةُ (مسلم)

അല്ലാഹുവിന് ഇഷ്ടമുള്ള രണ്ട് സ്വഭാവങ്ങൾ നിന്നിലുണ്ട്. (ഒന്ന്) വിവേകം (രണ്ട്) അവധാനത’ (മുസ്‌ലിം)

- വർത്തമാന കാലത്ത് നാം കേൾക്കുന്ന വാർത്തകൾ ചോര തിളപ്പിക്കുന്നതും കോപത്തിന്റെ അടിമകളാക്കുന്നതുമാണ്.
- ഇവിടെ നമ്മുടെ വാക്കുകളും പ്രവർത്തികളും വിവേകത്തോടെയുള്ളതായിരിക്കണം. വികാരത്തിനടിമപ്പെട്ടു പറയുന്ന വാക്കുകളും പ്രവർത്തികളും ഇസ്ലാമിന് വരുത്തുന്ന പരിക്കുകളുടെ ആഴം വളരെ വലുതായിരിക്കും.

### 2. പ്രവാചകന്മാരോട് സമൂഹം പറഞ്ഞത്

- ഞങ്ങളുടെ ഇടയിലെ എല്ലാ പ്രശ്നങ്ങളുടെയും കാരണക്കാർ നിങ്ങളാണ്.
- യഥാർത്ഥത്തിൽ നബിമാർ ചെയ്ത ദൗത്യം എന്തായിരുന്നു.
- തങ്ങളുടെ സമൂഹത്തിനു നന്മയല്ലാതെ മറ്റൊന്നും അമ്പിയാക്കൾ പഠിപ്പിച്ചിരുന്നില്ല. എന്നിട്ടും അവരാണ് എല്ലാ പ്രശ്നങ്ങളുടെയും കാരണക്കാർ എന്ന് ആക്ഷേപിച്ചു.
- മുഹമ്മദ് നബി (സ്വ) പ്രബോധന ദൗത്യം ആരംഭിച്ചപ്പോൾ തന്നെ എതിർത്തവരുണ്ടായിരുന്നു.

عَنِ ابْنِ عَبَّاسٍ، ، صَعِدَ رَسُولُ اللَّهِ ﷺ يَوْمًا الصَّفَا فَقَالَ: وَاصَبَاحَاهُ فَاجْتَمَعَتْ إِلَيْهِ قُرَيْشٌ فَقَالَ لَهُمْ: لَوْ أَخْبَرْتُكُمْ أَنَّ عَدُوًّا لَكُمْ مُصَبِّحُكُمْ، أَوْ مُمَسِّيكُمْ أَكُنْتُمْ مُصَدِّقِيَّ؟ قَالُوا:نَعَمْ قَالَ فَإِنِّي نَذِيرٌ لَكُمْ بَيْنَ يَدَيَّ عَذَابٌ شَدِيدٌ فَقَامَ أَبُو لَهَبٍ فَقَالَ :تَبًّا لَكَ يَا مُحَمد أَلِهَذَا جَمَعْتَنَا؟ فَنَزَلَتْ: ﴿تَبَّتْ يَدَا أَبِي لَهَبٍ وَتَبَّ﴾

## 3. നമുക്കും പരീക്ഷണങ്ങൾ വരും.

ആക്ഷേപങ്ങളും പരിഹാസങ്ങളും ഏറ്റു വാങ്ങേണ്ടി വരും. സ്വർഗം വെറുതെ ലഭിക്കുന്ന ഒന്നല്ല.

أَمْ حَسِبْتُمْ أَن تَدْخُلُوا الْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ الَّذِينَ خَلَوْا مِن قَبْلِكُم مَّسَّتْهُمُ الْبَأْسَاءُ وَالضَّرَّاءُ وَزُلْزِلُوا حَتَّىٰ يَقُولَ الرَّسُولُ وَالَّذِينَ آمَنُوا مَعَهُ مَتَىٰ نَصْرُ اللَّهِ أَلَا إِنَّ نَصْرَ اللَّهِ قَرِيبٌ ﴿٢/٢١٤﴾

പല രീതിയിൽ ഉള്ള പരീക്ഷണങ്ങളെ നാം അതിജയിക്കേണ്ടി വരും

وَلَنَبْلُوَنَّكُم بِشَيْءٍ مِّنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِّنَ الْأَمْوَالِ وَالْأَنفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ ﴿٢/١٥٥﴾

## 4. എന്തു കൊണ്ട് ഇസ്ലാം?

- എല്ലാ സന്ദർഭങ്ങളിലും ഇസ്ലാമിന് നേരെ എന്തു കൊണ്ട് ഇത്തരം ആരോപണങ്ങളും വിമർശനങ്ങളും വരുന്നു എന്ന ചോദ്യത്തിനുള്ള മറുപടി.
- മാമ്പഴമുള്ള മാവിനാണ് കല്ലേറ് ലഭിക്കുക എന്നത് നാം മറക്കരുത്.
- എന്നാൽ കൂടുതൽ മാമ്പഴമുള്ള മരം മാമ്പഴത്തിന്റെ ഭാരണം കാരണം അതിന്റെ ചില്ലകൾ താഴ്ന്ന നിൽക്കുന്നതു പോലെ വിനയം കാണിക്കാനും നമുക്കാവണം.
- ഇസ്ലാമിനെ എതിർക്കുക, ആക്ഷേപം ഉന്നയിക്കുക, പ്രതിക്കൂട്ടിൽ നിർത്തുക എന്നത് ഇസ്ലാമിന്റെ തുടക്കം മുതൽ തുടങ്ങിയ കാര്യങ്ങളാണ്.
- ഇന്ന് ലോകത്തുള്ള മതങ്ങളിൽ ദൈവീകമെന്ന് ഉറപ്പിച്ച് പറയാനും സമർത്ഥിക്കാനും സാധിക്കുന്ന ഏക മതം ഇസ്ലാം മാത്രമാണ്.
- പ്രായോഗികവും ബുദ്ധിക്ക് അംഗീകരിക്കാൻ കഴിയുന്നതുമായ ആശയങ്ങളാണ് ഇസ്ലാം മുന്നോട്ട് വെക്കുന്നത്.

- ഇസ്ലാമിന്റെ വളർച്ചയിൽ അത്ഭുതപ്പെടുന്നവരും അസൂയപ്പെടുന്നവരും ലോകത്തുണ്ട്.
- ഇസ്ലാം എന്ന ആശയം ലോകത്തുള്ള മനുഷ്യർ ആവേശ പൂർവ്വം വാരിപ്പുണരുന്നത് ഇരുട്ടിന്റെ ശക്തികൾക്ക് ഭയമുണ്ടാക്കുന്നുണ്ട്.
- അവരാണ് ഇസ്ലാമിനെ പ്രതിക്കൂട്ടിൽ നിർത്താൻ എല്ലാ കാലത്തും ശ്രമിക്കുന്നത്.
- എന്നാൽ ഇസ്ലാമിനെ ഒരു കാലത്തും ആർക്കും തകർക്കാൻ കഴിയില്ല.

يُرِيدُونَ لِيُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَاللَّهُ مُتِمُّ نُورِهِ وَلَوْ كَرِهَ الْكَافِرُونَ ﴿الصف: ٨﴾

## 5. ഇസ്സത്തുള്ള (പ്രതാപം) മതം ഇസ്ലാം.

وَلِلَّهِ الْعِزَّةُ وَلِرَسُولِهِ وَلِلْمُؤْمِنِينَ (المنافقون: ٨)

- എന്തു കൊണ്ടാണ് ഈ പ്രതാപം?
- നമ്മുടെ മതം അല്ലാഹു ഇറക്കിയതാണ്. അത് റബ്ബ് സംരക്ഷിക്കുകയും ചെയ്യും

﴿ إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ ﴾ الحجر: ٩)

- ഇസ്ലാമിന്റെ ആശയങ്ങളുടെ വ്യക്ത എത്ര മാത്രം സുന്ദരമാണ്.
- എന്നാൽ മറ്റു ചിലർ പ്രചരിപ്പിക്കുന്ന ആശയങ്ങൾ നോക്കൂ.

﴿ لَقَدْ كَفَرَ الَّذِينَ قَالُوا إِنَّ اللَّهَ ثَالِثُ ثَلَاثَةٍ وَمَا مِنْ إِلَٰهٍ إِلَّا إِلَٰهٌ وَاحِدٌ ﴾ (المائدة: ٧٣)

- മുഹമ്മദ് നബി (സ) വന്നു കൊണ്ട് ഈ സമൂഹത്തെ സംസ്കരിച്ചു. അവർ പ്രതാപമുള്ള ആളുകളായി മാറി.

﴿ لَقَدْ مَنَّ اللَّهُ عَلَى الْمُؤْمِنِينَ إِذْ بَعَثَ فِيهِمْ رَسُولًا مِنْ أَنْفُسِهِمْ يَتْلُو عَلَيْهِمْ آيَاتِهِ وَيُزَكِّيهِمْ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَإِنْ كَانُوا مِنْ قَبْلُ لَفِي ضَلَالٍ مُبِينٍ ﴾ (آل عمران: ١٦٤)

- നിരാശരാവരുത്...

وَلَا تَحْسَبَنَّ اللَّهَ غَافِلًا عَمَّا يَعْمَلُ الظَّالِمُونَ ۚ إِنَّمَا يُؤَخِّرُهُمْ لِيَوْمٍ تَشْخَصُ فِيهِ الْأَبْصَارُ ﴿٤٢﴾

- ഈ ആയത്തിന് വിവരിച്ചു കൊണ്ട് പറഞ്ഞു;

قال ميمون بن مهران : هي وعيد للظالم وتعزية للمظلوم

ഇത് അക്രമികൾക്കുള്ള താക്കീതും ഇരകൾക്കുള്ള ആശ്വാസ വചനവുമാണ്. (ത്വബ്രി)

هذا وعيد شديد للظالمين، وتسلية للمظلومين

ഇത് അക്രമികൾക്കുള്ള കടുത്ത താക്കീതും ഇരകൾക്കുള്ള സമാശ്വാസം നൽകലു മാണ്. (തഫ്സീറുസ്സഅദി)

- പ്രതിസന്ധികളിൽ സത്യവിശ്വാസികൾ നിരാശപ്പെടാൻ പാടുള്ളതല്ല.
- പ്രയാസങ്ങളുടെ കാഠിന്യം വർദ്ധിക്കുമ്പോൾ വിജയത്തിന്റെ ദൂരം അടുത്ത് വരു ന്നുവെന്നേ സത്യവിശ്വാസികൾ ഉറച്ച് വിശ്വസിക്കേണ്ടതുള്ളൂ.
- നബിമാരുടെ ചരിത്രങ്ങളിൽ പലതും ഈ പാഠം ഊട്ടിയിറപ്പിക്കുന്നുണ്ട്.

## 6. നാം ശ്രദ്ധിക്കേണ്ടത്.

- നാം ശരിയായ മുസ്ലിമായി ജീവിക്കുക.
- തിന്മകളുടെ അനന്തര ഫലങ്ങളെക്കുറിച്ച് ആലോചിക്കുക

**മുഹമ്മദ് ബ്നു സ്വാലിഹ് അൽ ഉഥൈമീൻ رَحِمَهُ ٱللَّٰهُ ഉഹ്ദ് യുദ്ധത്തെ കുറിച്ച് പറയു കയുണ്ടായി:**

قال ابن عثيمين رحمه الله عن غزوة أحد: وقد حصلت هزيمة المسلمين لمعصية واحدة، ونحن الآن نريد الانتصار والمعاصي كثيرة عندنا. (القول المفيد: ١/ ٢٨٩)

ഒരൊറ്റ തെറ്റ് (അനുസരണക്കേട്) കാരണത്താലാണ് മുസ്ലിമീങ്ങൾക്ക് (ഉഹ്ദി ൽ) പരാജയം ഏറ്റുവാങ്ങേണ്ടി വന്നത്. എന്നാൽ, ഇന്ന് നമ്മുടെ അടുക്കൽ തെറ്റു കൾ ധാരാളക്കണക്കിനാണ്; അതോടൊപ്പം നമ്മൾ വിജയം ആഗ്രഹിക്കുകയും ചെയ്യുന്നു.

**ഇബ്നു തൈമിയ്യ(റഹി) പറഞ്ഞു:**

قال شيخ الإسلام رحمه الله:من أسباب تسلط العدو على ديار المسلمين، ظهور الإلحاد والنفاق والبدع.

മുസ്ലിമീങ്ങളുടെ മേൽ ശത്രുക്കൾ ആധിപത്യം നേടാനുള്ള കാരണങ്ങളിൽ പെട്ട താണ് മതനിഷേധവും കപടതയും ബിദ്അത്തുകളുമെല്ലാം മുസ്ലിമീങ്ങളിൽ സം ഭവിക്കൽ. (മജ്മൂഉൽ ഫതാവാ)

قال شيخ الإسلام رحمه الله: وإذا كان في المسلمين ضعفاً وكان عدوهم مستظهراً عليهم ، كان ذلك بسبب ذنوبهم وخطاياهم.

ഇബ്നു തൈമിയ്യ (റഹി) പറഞ്ഞു: മുസ്‌ലിമീങ്ങളിൽ ബലഹീനത ഉണ്ടായിക്കഴിയഞ്ഞാൽ, അവരുടെ ശത്രുക്കൾ അവരെ കീഴടക്കുന്നവരാകും.അവരുടെ തെറ്റിന്റെയും, പാപത്തിന്റെയും കാരണം കൊണ്ടാണ് അങ്ങനെയായത്. (മജ്മൂഉൽ ഫതാവാ)

## 7. പരിഹാര മാർഗം

عَنِ ابْنِ عُمَرَ، قَالَ سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ: إِذَا تَبَايَعْتُمْ بِالْعِينَةِ وَأَخَذْتُمْ أَذْنَابَ الْبَقَرِ وَرَضِيتُمْ بِالزَّرْعِ وَتَرَكْتُمُ الْجِهَادَ سَلَّطَ اللَّهُ عَلَيْكُمْ ذُلاًّ لاَ يَنْزِعُهُ حَتَّى تَرْجِعُوا إِلَى دِينِكُمْ

ഇബ്നു ഉമറിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ ഈനത് (പലിശ) കച്ചവടം നടത്തുകയും, കന്നുകാലികളുടെ വാൽ പിടിക്കുകയും (ദുൻയാവിന്റെ ചിന്തയിൽ മാത്രം കഴിഞ്ഞുകൂടുകയും), കൃഷിയിൽ നിങ്ങൾ തൃപ്തരാവുകയും അല്ലാഹുവിന്റെ മാർഗത്തിലുള്ള ത്യാഗസമരം നിങ്ങൾ ഒഴിവാക്കുകയും ചെയ്താൽ; അല്ലാഹു നിങ്ങളുടെ മേൽ നിന്ദ്യത വരുത്തി വെക്കും. നിങ്ങളുടെ ദീനിലേക്ക് തിരിച്ച് പോകുന്നത് വരെ അല്ലാഹു അത് നിങ്ങളുടെ മേൽ നിന്ന് എടുത്തുമാറ്റില്ല. (അബൂദാവൂദ്)

**ഇമാം മാലിക്(റഹി) പറഞ്ഞു:**

قَالَ الإِمَامُ مَالِكٌ: لَنْ يُصْلِحَ آخِرَ هَذِهِ الأُمَّةِ إِلَّا مَا أَصْلَحَ أَوَّلَهَا

ഈ ഉമ്മത്തിലെ ആദ്യകാലക്കാരെ നന്നാക്കിയതെന്തോ അതല്ലാതെ ഈ ഉമ്മത്തിലെ അവസാന കാലക്കാരെയും നന്നാക്കുകയില്ല. (ഇഖ്തിദ്വാഉസ്സ്വിറാത്വ്)


- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+918594044600) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQ0nQalrhJ2ZcA_